Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 16443/E9/2020/കെ ഡബ്ല്യൂ എ

തീയതി: 18.01.2021

**സർക്കുലർ**

വിഷയം:- KWA - Estt - ഡിപ്പാർട്ട്മെൻറൽ പ്രൊമോഷൻ കമ്മിറ്റി വിശദമായ സെൽഫ് അപ്രൈസൽ റിപ്പോർട്ട്, കോൺഫിഡൻഷ്യൽ റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. G.O.(P)420/67/PD dated, 29.12.1967 Para 8
2. Discussion dated, 06.01.2021 with Additional Chief Secretary to Government, Water Resources Department

കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റൻറ് എൻജിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയും ജൂനിയർ സൂപ്രണ്ട് മുതൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ എല്ലാ വർഷവും ജനുവരി 15 ന് മുൻപായി കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടേതാണ്. ടി സർവീസ് കാലയളവിൽ ദീർഘകാല ലീവുകൾ എടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം കാരണം സഹിതം വ്യക്തമാക്കേണ്ടതാണ്.

പ്രോജക്ടുകളുടെ നിർമാണവുമായി ബന്ധപ്പെട്ട് പ്രവർത്തികളിൽ നിയമിതരായിരുന്നവർ ചുമതല ഏറ്റെടുക്കുമ്പോൾ പ്രസ്തുത പ്രൊജക്റ്റ് എത്ര ശതമാനം പൂർത്തികരിച്ചിരുന്നു എന്നും ചുമതലയൊഴിയുമ്പോൾ എത്രശതമാനം പൂർത്തീകരിച്ചു എന്നും വിശദമാക്കേണ്ടതാണ്. പ്രസ്തുത പ്രോജെക്ടിൽ ഏറ്റെടുത്ത് നടപ്പിലാക്കിയ ജോലികൾ സെൽഫ് അപ്രൈസലിൽ വിശദമാക്കേണ്ടതും ആയത് റിപ്പോർട്ടിങ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പ്രതിമാസ Office Accounts മേൽ ഓഫിസിൽ സമർപ്പിച്ചതിന്റെ പൂർണ്ണ വിവരം പ്രതിപാദിക്കേണ്ടതാണ്.

കേരള വാട്ടർ അതോറിറ്റിയിലെ മറ്റു ഓഫീസുകളിൽ പ്രവർത്തിക്കുന്ന അസിസ്റ്റൻറ് എൻജിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരേയും ജൂനിയർ സൂപ്രണ്ട് മുതൽ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വരെയും ഉള്ള ആഫീസർമാരുടെ സെൽഫ് അപ്രൈസൽ അതാത് കാലയളവിൽ പൂർത്തീകരിച്ചിട്ടുള്ള പ്രോജക്റ്റ് വർക്കുകളുടേയും, കുടിവെള്ളകണക്ഷൻ നൽകിയിട്ടുള്ള ഉപഭോക്താക്കളുടെ എണ്ണവും മറ്റു വിശദമായ വിവരങ്ങൾ, ടി പ്രോജക്ടുകളിൽ അതാത് ഓഫീസർമാരുടെ ഇടപെടലുകൾ എന്നിവ വിശദമായി പ്രതിപാദിക്കേണ്ടതാണ്. ടിയാൻറെ കാലത്ത് പ്രതിമാസ അക്കൗണ്ട്സുകൾ കേന്ദ്ര കാര്യാലയത്തിൽ സമർപ്പിച്ചതിൻറെ സ്ഥിതിവിവര കണക്കുകൾ രേഖപ്പെടുത്തേണ്ടതാണ്.

മേൽ പ്രതിപാദിച്ച വിവരങ്ങൾ അടങ്ങിയ സെൽഫ് അപ്രൈസൽ റിപ്പോർട്ട് റിപ്പോർട്ടിംഗ് ഓഫീസർമാരുടെ മേൽ ഒപ്പോടുകൂടി 22.01.2021 ന് മുൻപായി ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ടി വിവരങ്ങൾ PASK-ൽ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിൻറെ സപ്പോർട്ടിംഗ് ഡോക്യൂമെൻറുകൾ കൂടി ടി റിപ്പോർട്ടിനോടൊപ്പം

Draft #1 of File 16443/E9/2020/KWA (PART-I) Approved by Chief Engineer (HRD&GL) i/c on 18-Jan-2021 05:10 PM - Page 1

സമർപ്പിക്കേണ്ടതാണ്. സൂചന സർക്കാർ ഉത്തരവിലെ ഖണ്ഡിക 8 ൽ നിർദ്ദേശിച്ചതനുസരിച്ച് പ്രൊമോഷന് ജീവനക്കാരെ DPC പരിഗണിക്കുന്നത് അവരുടെ നിലവിലുള്ള തസ്തികയിൽ പ്രവർത്തിച്ച കാലയളവിലെ അർഹതയുടെയും (Merit and ability ) അടിസ്ഥാനത്തിലാകയാൽ സെൽഫ് അപ്രൈസൽ പരിശോധനാ വിധേയമാക്കുന്നതാണ്. DPC ലോവർ ആൻഡ് ഹയർ എന്നിവയ്ക്കും ഇത് ബാധകമാണ്. ആയതിനാൽ 2021 വർഷത്തിൽ വരുന്ന ഒഴിവിലേക്ക് പ്രൊമോഷന് അർഹത വരുന്നവർ പ്രസ്തുത സെൽഫ് അപ്രൈസൽ പുതുക്കി മുകളിൽ സൂചിപ്പിച്ച തീയതിക്ക് മുൻപായി തന്നെ ഹെഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

റവന്യൂ ആഫീസർമാർ ചാർജ് ഏറ്റെടുക്കുമ്പോൾ നിലവിലുണ്ടായിരുന്ന കുടിശിക എത്രയെന്നും നിലവിൽ എത്ര കുടിശിക പിരിച്ചെടുത്തു എന്നും റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനായി പ്രസ്തുത ഓഫീസർമാർ ഔദ്യോഗികമായി ഏറ്റെടുത്ത് നിർവ്വഹിച്ച വിവരങ്ങളും വിശദമായി റിപ്പോർട്ടിൽ കണക്കു സഹിതം വ്യക്തമാക്കേണ്ടതാണ്.

അക്കൗണ്ട്സ് ആഫീസർമാർ ചാർജ് ഏറ്റെടുക്കുമ്പോൾ അക്കൗണ്ട്സ് സംബന്ധിച്ചും റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനായി പ്രസ്തുത ഓഫീസർമാർ ഔദ്യോഗികമായി ഏറ്റെടുത്ത് നിർവ്വഹിച്ച വിവരങ്ങളും വിശദമായി റിപ്പോർട്ടിൽ കണക്കു സഹിതം വ്യക്തമാക്കേണ്ടതാണ്

മേൽ പറഞ്ഞ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് കർശനമായ സമയ ക്ലിപ്തത പാലിക്കേണ്ടതാണ്.

**saji v**

ചീഫ് എഞ്ചിനീയർ (എച്ച് ആർ ഡി &
ജനറൽ) i/c

സ്വീകർത്താവ്

All Chief Engineers / Superintending Engineers / Executive Engineers /Assistant Executive Engineers

Draft #1 of File 16443/E9/2020/KWA (PART-I) Approved by Chief Engineer (HRD&GL) i/c on 18-Jan-2021 05:10 PM - Page 2

The document is digitally approved. Hence signature is not needed.